# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

30.10.2019 ന് മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.895

## വന്യജീവികളുടെ ആക്രമണം മൂലമുണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണംമൂലം മരണപ്പെട്ടവരുടെ എണ്ണം വെളിപ്പെടുത്താമോ; | (എ) | കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് വിവിധ വന്യജീവികളുടെ ആക്രമണംമൂലം 519 പേർ മരണപ്പെട്ടിട്ടുണ്ട്. വനത്തിനു പുറത്തു വച്ച് പാമ്പു കടിയേറ്റുള്ള മരണം ഉൾപ്പെടെയുള്ള കണക്കാണിത്. |
| (ബി) | ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്ന് അറിയിക്കാമോ; | (ബി) | ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാര മായി 1386.00 ലക്ഷം രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് വന്യജീവികളുടെ അക്രമണം മൂലം എത്ര ഹെക്ടർ കൃഷിസ്ഥലം നാശം സംഭവിച്ചുവെന്നും എത്ര തുക നഷ്ടപരിഹാരമായി നാളിതുവരെ ചെലവഴിച്ചുവെന്നും എത്രവീടുകൾ നശിപ്പിക്കപ്പെട്ടുവെന്നും ആയതിന് നഷ്ടപരിഹാരമായി എന്തുതുക നാളിതു വരെ ചെലവഴിച്ചുവെന്നും വ്യക്ത മാക്കാമോ; | (സി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലം 12850.88 ഹെക്ടർ സ്ഥലത്ത് കൃഷി നാശം സംഭവിച്ചിട്ടുണ്ട്. 1793.16 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.<br><br>783 വീടുകൾ നശിച്ചിട്ടുണ്ട്. 93.14 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിലുള്ള വന്യജീവികളുടെ ആക്രമണംമൂലം കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വനാതിർത്തിയിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾ കൃഷിസ്ഥലം ഉൾപ്പെടെ ഉപേക്ഷിച്ച് മറ്റുസ്ഥലങ്ങളിൽ പോകേണ്ട അവസ്ഥയുണ്ടായിട്ടുണ്ടെന്നാണ് വനം വകുപ്പ് കണക്കാക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ഡി) | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക ഗോത്ര വർഗ്ഗക്കാർ ഉൾപ്പെടെയുള്ളവർക്ക് സ്വമേധയാ മാറി താമസിക്കുന്നതിനുള്ള അവസരം നൽകുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ 2012 മുതൽ നടന്നു വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽ നിന്നും 339-ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. വനമേഖലകളിൽ നിന്നും സ്വയം സന്നദ്ധരായി മുന്നോട്ടു വരുന്ന കൂടുതൽ ആൾക്കാരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ കണ്ണൂർ ഡിവിഷൻ പരിധിയിൽ കഴിഞ്ഞ 5 വർഷത്തിനിടെ 133 കുടുംബങ്ങളിൽ നിന്നും അവരുടെ ഭൂമി വനം വകുപ്പിന് കൈമാറുന്നതിനുള്ള അപേക്ഷ ലഭിക്കുകയും, ആയത് പ്രകാരമുള്ള 72.864 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br><br>കാസർഗോഡ് വനം ഡിവിഷൻ പരിധിയിൽ 35 കുടുംബങ്ങൾ വന്യജീവി ശല്യം കാരണം ഭൂമി വനം വകുപ്പിന് നൽകാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എത്ര കിലോമീറ്റർ വനാതിർത്തിയാണ് സംസ്ഥാനത്തിനുള്ളത്; ആയതിൽ സോളാർവേലി, മതിൽ, ട്രഞ്ച്, റെയിൽവേലി എന്നിങ്ങനെ ഇതുവരെ പ്രതിരോധം തീർക്കൽ പൂർത്തിയാക്കിയത് എത്രകിലോമീറ്റർ ദൂരത്തിലാണെന്ന് അറിയിക്കാമോ; | (ഇ) | സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16846 കി.മീറ്റർ ആണ്. വനാതിർത്തികളിൽ മുഴുവനായി (പരസ്പരം വനാതിർത്തി പങ്കിടുന്ന ഭാഗങ്ങളിൽ) പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ട ആവശ്യം ഇല്ല. എന്നാൽ ജനവാസ മേഖലകൾ വനാതിർത്തിയായി വരുന്ന ഭാഗങ്ങളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br><br>സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches) 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. |
| (എഫ്) | ഇത്തരത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ നിന്നും വനാതിർത്തി ഗ്രാമങ്ങളിലുള്ളവരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (എഫ്) | വന്യജീവികളുടെ ആക്രമണത്തിൽനിന്നും വനാതിർത്തി ഗ്രാമങ്ങളിലുള്ളവരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കാൻ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>1 . വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു.<br><br>2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.<br><br>3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br><br>4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ<br><br>5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br><br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷി രീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br><br>7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br><br>8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.<br><br>9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ